# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

ബാറുകൾക്ക് ലൈസൻസിന് എൻ.ഓ.സി.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2946. 13.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബാറുകൾക്ക് ലൈസൻസ് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന എൻ.ഒ.സി. വേണ്ടെന്ന് സർക്കാർ തീരുമാനിച്ചത് എന്തുകൊണ്ടാണ്;വിശദമാക്കുമോ; | (എ) | ബാറുകൾക്ക് ലൈസൻസ് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232-)ം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്റ്റ് 447-)ം വകുപ്പും ഭേദഗതി ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവയുടെ ഭേദഗതി അനിവാര്യമാണെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് പ്രസ്തുത ഭേദഗതി വരുത്തിയത്. |
| (ബി) | ഈ തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തിന്മേലുള്ള സർക്കാരിന്റെ കടന്നുകയറ്റം ആണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ